# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 746 — 03.11.2011 ൽ മറുപടിയ്ക്ക്

## സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ ജയരാജ്<br>ശ്രീ. പി. സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി സഹകരിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി സഹകരിച്ച് പരമാവധി ഫണ്ട് ലഭ്യമാക്കി പദ്ധതികൾ നടപ്പാക്കുക എന്നതാണ് സർക്കാർ നയം. ഇതിനായി കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികളായ എൻ.സി.ഡി.സി., നബാർഡ് എന്നിവയുടെ വിവിധ പദ്ധതികൾക്കുള്ള ഫണ്ട് പരമാവധി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി എല്ലാ ഗ്രാമപ്രദേശങ്ങളുടെയും സ്വയം പര്യാപ്തതക്കായി പ്രവർത്തന സംവിധാനം ഏർപ്പെടുത്തുമോ; | (ബി) പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും, കൃഷി വ്യാപിപ്പിക്കുന്നതിനും, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതുൾപ്പെടെ ഗ്രാമത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്ന തരത്തിൽ സഹകരണ ബാങ്കുകളെ പ്രാപ്തമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൂടി |

സഹകരണത്തോടെ ടി കമ്മിറ്റികൾ ഫലപ്രദമായും, കാര്യക്ഷമമായും, പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | സഹകരണ പ്രസ്ഥാനങ്ങളിലെ സമ്പത്ത് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശവും മേൽനോട്ട നിർവ്വഹണവും ശക്തിപ്പെടുത്തുമോ? | (സി) | സഹകരണ സ്ഥാപനങ്ങളിലെ സമ്പത്ത് വ്യവസ്ഥാപിതവും, നിയമാനുസൃതവുമായ രീതിയിൽ മാത്രമേ വിനിയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും മേൽനോട്ട നിയന്ത്രണവും നിർവ്വഹണവും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ